**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്-പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പ്രത്യേക പദ്ധതി - പത്തനംതിട്ട ജില്ലയിലെ വിവിധ പ്രവൃത്തികൾക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ(സാ.ധാ) നം.3173/2015/ധന തിരുവനന്തപുരം, തീയതി, 30.03.2015.

---

പരാമർശം: 1. 30.03.2013 ലെ സ.ഉ.(പി)നം.144/2013/ധന ഉത്തരവ് .
2. പത്തനംതിട്ട ജില്ലാ ത.സ്വ.ഭ.വ. എക്സിക്യൂട്ടീവ് എൻജിനീയറുടെ 03.03.2015 ലെ DB4/EE/ ത.സ്വ.ഭ.വ. /14-15 നം. കത്ത്.
3. സർക്കുലർ നം.43/2014/ധന തീയതി 17.05.2014.
4. 20.06.2014 ലെ സ.ഉ.(പി) നം.233/2014/ധന ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശികമായി ആവശ്യമുള്ള ചെറുകിട പ്രവൃത്തികൾ തദ്ദേശതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കുവാനുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ നടപ്പ സാമ്പത്തിക വർഷത്തെ(2014-15) ബജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ സൂചന(1) പ്രകാരം പുറപ്പെടുവിക്കുകയുമുണ്ടായി.

ഈ പദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിലെ കല്ലൂപാറ ഗ്രാമ പഞ്ചായത്തിലെ സെന്റ് സ്റ്റീഫൻസ് പള്ളിപ്പടി - മാമൂട്ടിൽ പടി റോഡ് (വാർഡ് 9) കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിക്കായി തുക അനുവദിക്കണമെന്ന് പത്തനംതിട്ട ജില്ലാ തദ്ദേശസ്വയംഭരണവകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ താഴെപ്പറയുന്ന പ്രവൃത്തികൾ പ്രാദേശിക മുൻഗണനാ പദ്ധതിയിലുൾപ്പെടുത്തി പരാമർശം (1) ലെ നിബന്ധനകൾക്ക വിധേയമായി നടപ്പാക്കുന്നതിന് കല്ലൂപാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുവാനും ബജറ്റിൽ '4515-00-800-97' പ്രാദേശികമായ മുൻഗണനാ പ്രവൃത്തി(നോൺപ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ആകെ 6 ലക്ഷം രൂപ അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് പരാമർശം (3) പ്രകാരം ബിൽ തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ബന്ധപ്പെട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയർ സ്വീകരിക്കേണ്ടതാണ്.

**കൊല്ലം**

| നം | പ്രവൃത്തി | പഞ്ചായത്ത് /മുൻസിപ്പാലിറ്റി. | അംഗീകരിച്ച തുക. (രൂപ) |
|---|---|---|---|
| 1 | സെന്റ് സ്റ്റീഫൻസ് പള്ളിപ്പടി - മാമൂട്ടിൽ പടി റോഡ് (വാർഡ് 9) കോൺക്രീറ്റിംഗ്. | കല്ലൂപാറ പഞ്ചായത്ത്. | 6,00,000 |
| | | ആകെ | 6,00,000 |

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എസ്.വി.കല**

**ജോയിന്റ് സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗം പത്തനംതിട്ട.
5. ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട
6. പ്രസിഡന്റ് / സെക്രട്ടറി ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി, പത്തനംതിട്ട
7. നോഡൽ ഓഫീസർ www.finance.kerala.gov.in.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**